**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6787** **11-07-2024 - ൽ മറുപടിയ്ക്ക്**

**11-10-2019 ന് വിരമിച്ച ശ്രീ അബ്ദുല്ല എന്നയാൾക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകുന്നതി നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം താലൂക്ക് ഹൊസബെട്ടു വില്ലേജ് ഓഫീസിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിന്നും 11-10-2019 ന് വിരമിച്ച ശ്രീ അബ്ദുല്ല എന്നയാൾക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത വ്യക്തിക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭിക്കാൻ വൈകുന്നത് എന്തുകൊണ്ടാണെന്നും ആനുകൂല്യം എപ്പോൾ ലഭ്യമാകുമെന്നും അറിയിക്കാമോ; വിശദാംശം നൽകാമോ? | (ബി) | മഞ്ചേശ്വരം താലൂക്ക് ഹൊസബെട്ടു വില്ലേജ് ഓഫീസിലെ പാർട്ട് ടൈം സ്വീപ്പറായ ശ്രീ. അബ്ദുള്ള യു.-വിന് റോഡ് അപകടത്തെ തുടർന്ന് 22.06.2018 മുതൽ ടിയാളുടെ വിരമിക്കൽ തീയതിയായ 31.10.2019 വരെ 08.09.2023 ലെ സ.ഉ.(സാധാ)നം. 3257/2023/RD പ്രകാരം ശൂന്യവേതനാവധി അനുവദിച്ചതിനെ തുടർന്ന് ടിയാന് പെൻഷൻ ലഭ്യമാക്കുന്നതിന് പ്രിസം വഴി അക്കൗണ്ടന്റ് ജനറലിന് അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്. അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിൽ നിന്നും പെൻഷൻ വെരിഫിക്കേഷൻ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ശ്രീ. അബ്ദുള്ള യു. വിന് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ അനുവദിക്കാൻ കഴിയുന്നതാണ്. കൂടാതെ ശ്രീ. അബ്ദുള്ള യു. വിന് പി.എഫ്. ക്ലോഷർ ഇനത്തിൽ ₹1,56,266/- (ഒരു ലക്ഷത്തി അൻപത്തി ആറായിരത്തി ഇരുന്നൂറ്റി അറുപത്തിയാറ് രൂപ മാത്രം) നൽകിയിട്ടുണ്ട്. ശ്രീ. അബ്ദുള്ള യു.വിന്റെ അക്കൗണ്ടിൽ സറണ്ടർ ചെയ്യാൻ ആവശ്യമായ ആർജ്ജിത അവധി ഇല്ല. |

സെക്ഷൻ ഓഫീസർ